**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2455** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഹൗസ് ബോട്ട് ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ദെലീമ,<br>ഡോ സുജിത് വിജയൻപിള്ള | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിലെ ഏറ്റവും ആകർഷകമായ ഹൗസ് ബോട്ട് ടൂറിസം പദ്ധതി കോവിഡ് വ്യാപനത്തെ തുടർന്ന് നിലച്ചുപോകാനിടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിനോദ സഞ്ചാര മേഖലയിലെ പ്രധാന ആകർഷണമായിരുന്ന ഹൗസ് ബോട്ടുകൾ 'കോവിഡ് 19' മഹാമാരിയുടെ ആദ്യ തരംഗത്തോടെ തന്നെ നിശ്ചലാവസ്ഥയിലായിരുന്നു. കൊറോണ വൈറസ് വ്യാപനത്തിന്റെ രണ്ടാം തരംഗത്തോടെ ഈ മേഖല പൂർണമായും സ്തംഭനത്തിലായി. |
| (ബി) | ആയതു മൂലമുണ്ടായിട്ടുള്ള വരുമാന-തൊഴിൽ നഷ്ടവും ബോട്ടുകൾക്കുണ്ടായിട്ടുള്ള നാശനഷ്ടങ്ങളും നികത്താൻ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ; അറിയിക്കുമോ; | (ബി) | 'കോവിഡ് 19' മഹാമാരി മൂലം സ്തംഭനത്തിലായ മേഖലയ്ക്കുണ്ടായ വരുമാന – തൊഴിൽ നഷ്ടവും ഹൗസ് ബോട്ടുകൾക്കു നേരിട്ട നാശനഷ്ടവും നികത്താൻ സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഹൗസ് ബോട്ടുകളുടെ അറ്റകുറ്റപ്പണിക്കായി ഒറ്റത്തവണ ധനസഹായ പദ്ധതിയായ 'ടൂറിസം ഹൗസ് ബോട്ട് സപ്പോട്ട് സ്കീം' നടപ്പാക്കി വരുന്നു. ഒന്നും രണ്ടും കിടപ്പുമുറികളുള്ള ഹൗസ് ബോട്ടുകൾക്ക് 80,000 രൂപയും മൂന്നും നാലും കിടപ്പുമുറികളുള്ള ഹൗസ് ബോട്ടുകൾക്ക് ഒരു ലക്ഷം രൂപയും അഞ്ചിലേറെ കിടപ്പുമുറികളുള്ള ഹൗസ് ബോട്ടുകൾക്ക് 1.20 ലക്ഷം രൂപയുമാണ് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. ഈ പദ്ധതിയിൽ ഇതുവരെ 168 ഹൗസ് ബോട്ടുകൾക്ക് സഹായം അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമെ ഹൗസ് ബോട്ടുകളിലെ ജീവനക്കാർക്കും ഈ മേഖലയിലെ നിക്ഷേപകർക്കുമായി വിവിധ ധനസഹായ/ വായ്പാ പദ്ധതികളും ആവിഷ്കരിച്ചു നടപ്പാക്കുന്നുണ്ട്. കൂടാതെ ഹൗസ് ബോട്ട് അടക്കം വിനോദ സഞ്ചാര മേഖലയിലെ അംഗീകൃത/ ക്ലാസിഫൈഡ് യൂണിറ്റുകളുടെ അംഗീകാരം, കാലാവധി തീരുന്ന മുറയ്ക്ക് 2020 ജനുവരി ഒന്നു മുതൽ 2021 ഡിസംബർ 31 വരെ, നിബന്ധനകളോ പരിശോധനയോ കൂടാതെ അംഗീകാരം/ |

| | | | |
|---|---|---|---|
| | | | ക്ലാസിഫിക്കേഷൻ നിരുപാധികം പുതുക്കി നൽകാനും ഉത്തരവായിട്ടുണ്ട്. |
| (സി) | കോവിഡാനന്തരം കായൽ ടൂറിസം ശക്തമായി തിരികെ കൊണ്ടുവരുന്നതിന്റെ ഭാഗമായി ഹൗസ് ബോട്ട് മേഖല സജീവമായി നിലനിർത്താനാവശ്യമായ നടപടിയുണ്ടാകുമോ; വിശദമാക്കുമോ? | (സി) | 'കോവിഡ് 19' മഹാമാരി കനത്ത വെല്ലുവിളി സൃഷ്ടിക്കുന്ന സാഹചര്യത്തിൽ അറ്റകുറ്റപ്പണിക്കും പരിപാലനത്തിനുമായി ധനസഹായം അനുവദിച്ചും മറ്റും ഹൗസ് ബോട്ട് മേഖലയെ സംരക്ഷിച്ചു നിർത്താനാണ് സർക്കാർ ശ്രമിക്കുന്നത്. കൊറോണ വൈറസ് വ്യാപനത്തിലെ രണ്ടാം തരംഗത്തിന്റെ തീവ്രത കുറയുന്ന മുറയ്ക്ക്, കോവിഡ് പ്രോട്ടോകോൾ വ്യവസ്ഥകൾ കർശനമായി പാലിച്ച് കായൽ ടൂറിസം മേഖലയിൽ വിനോദ സഞ്ചാരികൾക്കു പ്രവേശനം അനുവദിക്കാനുള്ള സാധ്യതയും പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ